## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5045 06-02-2014-ൽ മറുപടിക്ക്.

### മദ്യവിരുദ്ധ ക്ലബ്ബുകൾ

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ:<br>" എ. റ്റി. ജോർജ്:<br>" വർക്കല കഹാർ:<br>" റ്റി. എൻ. പ്രതാപൻ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സ്കൂളുകളിൽ മദ്യവിരുദ്ധ ക്ലബ്ബുകൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) ഉണ്ട്. സംസ്ഥാനത്ത്, ഹയർസെക്കന്ററി തലം വരെയുള്ള 810 വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങളുടെ ഭാഗമായി, ബോധവൽക്കരണക്ലാസ്, സെമിനാർ, തെരുവ് നാടകം, ചിത്രരചനാ മത്സരം, പോസ്റ്റർ പ്രദർശനം, കൂട്ടഓട്ടം, ലഘുലേഖ വിതരണം, മാജിക്ഷോ, ഡോക്യുമെന്ററി, തുടങ്ങിയ പരിപാടികൾ നടത്തി വരുന്നു. കൂടാതെ, കോളേജ് തലത്തിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) സംസ്ഥാനത്ത് ഒട്ടാകെ മദ്യ വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ടോ; ഇവർക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) ഉണ്ട്. ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾക്കായി, 775 ക്ലബ്ബുകൾക്ക്, 500 രൂപാ വീതം സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷം, ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾക്കായി, 28,38,000/- രൂപയുടെ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) മദ്യവിരുദ്ധ ക്ലബ്ബുകളിൽ ഡോക്ടർമാർ, സന്നദ്ധ പ്രവർത്തകർ, സാംസ്കാരിക നായകർ തുടങ്ങിയവരെ പങ്കെടുപ്പിച്ചുകൊണ്ട് സെമിനാറുകളും മറ്റും സംഘടിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) ഉണ്ട്. ലഹരി വിരുദ്ധ ബോധവൽക്കരണ മേഖലയിൽ പ്രാവീണ്യമുള്ള ഡോക്ടർമാർ, സന്നദ്ധ പ്രവർത്തകർ, സാംസ്കാരിക നായകർ തുടങ്ങിയവരെ പങ്കെടുപ്പിച്ചുകൊണ്ട്, ബോധവൽക്കരണ ക്ലാസുകളും, സെമിനാറുകളും നിലവിൽ നടത്തി വരുന്നുണ്ട്. |
| (ഡി) വ്യാജമദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉൽപ്പാദന വിതരണക്കാരെ നിയമത്തിന് മുന്നിലെത്തിക്കാൻ മദ്യ വിരുദ്ധ ക്ലബ്ബുകളുടെ സേവനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ